# പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ-87

23-01-2018-ലെ മറുപടിയ്ക്ക്

## ഓഖിദുരിതാശ്വാസനിധിയിലേക്കു സർക്കാർ ജീവനക്കാരുടെ വിഹിതം

| ചോദ്യം<br>ശ്രീ.യു. ആർ. പ്രദീപ് | മറുപടി<br>പിണറായി വിജയൻ<br>മുഖ്യമന്ത്രി |
|---|---|
| എ)സംസ്ഥാനത്ത് തിരുവനന്തപുരം അടക്കമുള്ള തെക്കൻ ജില്ലകളിൽ ദുരിതം വിതച്ച ഓഖി ചുഴലിക്കാറ്റുമൂലം ദുരിതം അനുഭവിയ്ക്കുന്നവരെ സഹായിക്കുന്നതിനുള്ള മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് അദ്ധ്യാപകരും ജീവനക്കാരും അടങ്ങുന്ന 5 1/2 ലക്ഷത്തോളം സർക്കാർ ജീവനക്കാർ എത്ര കോടി രൂപ നൽകിയിട്ടുണ്ട്; | ഓഖി ദുരന്തവുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് അദ്ധ്യാപകരിൽ നിന്നും സർക്കാർ ജീവനക്കാരിൽ നിന്നും 19-01-2018 വരെ 35,01,45,287/- (മുപ്പത്തഞ്ച് കോടി ഒരു ലക്ഷത്തി നാൽപത്തയ്യായിരത്തി ഇരുന്നൂറ്റി എൺപത്തേഴ് രൂപ) ലഭിച്ചിട്ടുണ്ട്. |
| ബി)ഇതിൽ സെക്രട്ടേറിയറ്റ് ജീവനക്കാരുടെ വിഹിതം എത്രയാണ്; സബോർഡിനേറ്റ് ജീവനക്കാരുടെയും അദ്ധ്യാപകരുടെയും ജില്ല തിരിച്ചുള്ള വിഹിതം എത്രയെന്ന് വ്യക്തമാക്കുമോ? | ഓഖി ദുരന്തവുമായി ബന്ധപ്പെട്ട് ഗവൺമെന്റ് സെക്രട്ടേറിയേറ്റ് ധനകാര്യ വകുപ്പിലെ ജീവനക്കാരുടെ വിഹിതമായി 20.01.2018 വരെ 5,83,829/- (അഞ്ച് ലക്ഷത്തി എൺപത്തി മൂവായിരത്തി എണ്ണൂറ്റി ഇരുപത്തി ഒൻപത് രൂപ)യും, ഗവൺമെന്റ് സെക്രട്ടേറിയേറ്റ് നിയമവകുപ്പിലെ ജീവനക്കാരുടെ വിഹിതമായി 2,09,458/- (രണ്ട് ലക്ഷത്തി ഒൻപതിനായിരത്തി നാന്നൂറ്റി അൻപത്തെട്ട് രൂപ)യും ഗവൺമെന്റ് സെക്രട്ടേറിയേറ്റ് |

| | |
|---|---|
| | പൊതുഭരണവകുപ്പിന്റെ വിഹിതമായി 24,58,855/- (ഇരുപത്തിനാല് ലക്ഷത്തി അമ്പത്തെട്ടായിരത്തി എണ്ണൂറ്റി അൻപത്തഞ്ച് രൂപ)യും ചേർത്ത് മൊത്തം രൂപ 32,52,142/- (മുപ്പത്തിരണ്ട് ലക്ഷത്തി അൻപത്തിരണ്ടായിരത്തി നൂറ്റി നാൽപത്തി രണ്ട് രൂപ) ലഭിച്ചിട്ടുണ്ട്. സർക്കാർ ജീവനക്കാരുടെ വിഹിതം പ്രത്യേകമായി ആരംഭിച്ച സ്പെഷ്യൽ റ്റി.എസ്.ബി അക്കൗണ്ടിലേയ്ക്കാണ് ക്രഡിറ്റ് ചെയ്യുന്നത്. ഈ അക്കൗണ്ടിൽ 19/01/2018 വരെ മൊത്തം 35,01,45,287/-(മുപ്പത്തഞ്ച് കോടി ഒരു ലക്ഷത്തി നാൽപ്പത്തയ്യായിരത്തി ഇരുന്നൂറ്റി എൺപത്തേഴ് രൂപ) ലഭിച്ചിട്ടുണ്ട്. സബോർഡിനേറ്റ് ജീവനക്കാരുടേയും, അദ്ധ്യാപകരുടേയും ജില്ല തിരിച്ചുള്ള വിഹിതം ലഭ്യമല്ല. |

അക്കൗണ്ട്സ് ഓഫീസർ